ദേശീയപാത ഉൾപ്പെടെയുള്ള റോഡുകളുടെ പുനരുദ്ധാരണം

*20 [140] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് ദേശീയപാത ഉൾപ്പെടെയുള്ള റോഡുകൾ പൊട്ടിപ്പൊളിഞ്ഞ് അപകടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റോഡിലുണ്ടാകുന്ന കുഴികളെല്ലാം യുദ്ധകാലാടിസ്ഥാനത്തിൽ നന്നാക്കാറുണ്ട്. മാത്രമല്ല കാലാകാലങ്ങളിൽ റോഡിന്റെ ഉപരിതലം ബലപ്പെടുത്തുന്ന ജോലികളും ചെയ്യാറുണ്ട്. മഴക്കാലത്ത് ഉപയോഗിക്കുന്ന എമൽഷൻ (ടാർ) വാങ്ങുന്നതിന് ഓർഡർ നൽകിയിട്ടുണ്ട്. ഇതിനകം 100 കോടി രൂപയുടെ അറ്റകുറ്റപ്പണികൾക്ക് അനുമതി നൽകിക്കഴിഞ്ഞു. കുഴികൾ അടച്ച് റോഡുകൾ ഗതാഗതയോഗ്യമാക്കാനുള്ള ഊർജ്ജിതശ്രമങ്ങൾ നടത്തിവരികയാണ്. മഴക്കാലത്തുണ്ടാകുന്ന റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി ദേശീയപായതയുടെ ഓരോ ഡിവിഷനും കീഴിൽവരുന്ന അറ്റകുറ്റപ്പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര റോഡ് ഗതാഗതവും ദേശീയപാതയും മന്ത്രാലയത്തിന് സമർപ്പിക്കുന്നതാണ്. കേന്ദ്ര മന്ത്രാലയത്തിന്റെ അനുമതിയും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് അറ്റകുറ്റപണികൾ നടത്തുന്നതാണ്.

പ്രൈമറി വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പദ്ധതി

*21 [141] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രൈമറി വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

പ്രൈമറി വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് സർവ്വശിക്ഷാ അഭിയാൻ എന്ന പദ്ധതിക്കു പുറമേ യുനിസെഫിന്റെ ആഭിമുഖ്യത്തിലും ഒരു പദ്ധതി നടക്കുന്നുണ്ട്. നാല്-അഞ്ച് ക്ലാസ്സുകളിലെ പരിഷ്ക്കരിച്ച പാഠപുസ്തകം, അദ്ധ്യാപകർക്കുള്ള കൈപ്പുസ്തകം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള അദ്ധ്യാപക പരിശീലനം വിവിധ ജില്ലകളിലായി നടന്നുവരുന്നു. കൂടാതെ, മറ്റു ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് വിഷയാധിഷ്ഠിത പരിശീലനവും നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ടീച്ചർ ഗ്രാന്റ് ഉപയോഗിച്ച് നിർമ്മിക്കുന്ന പഠനോപകരണങ്ങളുടെ നിർമ്മാണ ശിൽപ്പശാല നടത്തുന്നതിനും സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്, സ്കൂൾ സ്പോർട്ട്സ് ഗ്രൂപ്പ് എന്നിവ ശക്തിപ്പെടുത്തി പഠന നിലവാരം ഉയർത്തുന്നതിന് പിന്തുണ നൽകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും പദ്ധതിയുണ്ട്. പെൺകുട്ടികളുടേയും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടേയും പഠന നിലവാരം ഉയർത്തുന്നതിന് പഠനോൽസവം പോലുള്ള വ്യത്യസ്തങ്ങളായ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. കൂടാതെ, സമൂഹത്തിന് നിത്യജീവിതത്തിൽ ഉപകരിക്കുന്ന ഉൽപ്പന്നങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെടുത്തി പഠനം കൂടുതൽ അർത്ഥവത്താക്കുന്നതിനുള്ള ഒരു നൂതന പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ട്.

കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ നടപടി

*22 [142] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ;

(ബി) യു. പി. തലത്തിൽ തന്നെ കായിക വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) സ്കൂളുകളിൽ കായികാദ്ധ്യാപകരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള മാനദണ്ഡം വിശദമാക്കാമോ;

(ഇ) ഇത് പുനർനിർണ്ണയം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) എല്ലാ യു. പി. സ്കൂളുകളിലും കായികാദ്ധ്യാപക തസ്തിക സൃഷ്ടിച്ച് സ്കൂൾതലത്തിൽ കായിക വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 129 സ്കൂളുകളിലെ യുവകായിക പ്രതിഭകളെ കണ്ടുപിടിച്ച് അവർക്ക് 5-ാം സ്റ്റാൻഡേർഡ് മുതൽ 10-ാം സ്റ്റാൻഡേർഡ് വരെ നീണ്ടു നിൽക്കുന്ന പ്രത്യേക പരിശീലനം നൽകിവരുന്നു. ഇതിലേക്കായി പ്രതിവർഷം 50 ലക്ഷം രൂപ ചെലവഴിക്കുന്നുണ്ട്. കൂടാതെ ജില്ലാ കോച്ചിംഗ് ക്യാമ്പ്, സമ്മർ കോച്ചിംഗ് ക്യാമ്പ് എന്നിവ സംഘടിപ്പിച്ച് ഇതിലൂടെയും പരിശീലനം നൽകുന്നുണ്ട്. ജില്ലാ സംസ്ഥാന കായിക മത്സരങ്ങളിൽ വിജയിക്കുന്നവർക്ക് പ്രൈസ് മണിയും, ദേശീയ മത്സരങ്ങളിൽ ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 5,000, 4,000, 3,000 രൂപ ക്രമത്തിൽ ക്യാഷ് അവാർഡും നൽകുന്നു. കൂടാതെ പ്രസ്തുത വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷനൽ ഹയർ സെക്കണ്ടറി പരീക്ഷകൾക്ക് ഗ്രേസ് മാർക്കും നൽകിവരുന്നു. കായിക രംഗത്ത് മികവ് തെളിയിക്കുന്ന സ്കൂളുകൾക്ക് കായിക പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങാൻ ധനസഹായം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly